പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 794 | 03.12.2014- ൽ മറുപടിക്ക് |
|---|---|

<u>ഭക്ഷ്യ സുരക്ഷാ വകുപ്പ്</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദവിവരം ലഭ്യമാക്കുമോ; | എ) | ഉണ്ട്. ഭക്ഷ്യസുരക്ഷ വകുപ്പിൽ ഏകദേശം 80 ഓളം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിലേക്കു വേണ്ടി ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന യോഗ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമനം നടത്തുന്നതിനായി ടി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു |
| ബി) | ഈ വകുപ്പിന്റെ ഉദ്ദേശലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥ നിലവിലുള്ളതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) | വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ ഉദ്ദേശലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥയ്ക്ക് കാരണം ഉദ്യോഗസ്ഥൻമാരുടെ അഭാവവും, വാഹനങ്ങളുടെ അഭാവവും , ഫണ്ടിന്റെ അഭാവവുമാണ്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ഈ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം ജില്ലാടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ; | സി) | ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം അഡ്ജ്യൂഡിക്കേഷന് വിട്ട കേസ്സുകളുൾപ്പെടെ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം താഴെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 51 |
| കൊല്ലം | 23 |
| പത്തനംതിട്ട | 15 |
| ആലപ്പുഴ | 8 |
| കോട്ടയം | 14 |

| | |
|---|---|
| ഇടുക്കി | 22 |
| എറണാകുളം | 45 |
| തൃശ്ശൂർ | 25 |
| മലപ്പുറം | 6 |
| പാലക്കാട് | 26 |
| കോഴിക്കോട് | 20 |
| വയനാട് | 13 |
| കണ്ണൂർ | 30 |
| കാസറഗോഡ് | 5 |
| ആകെ | 313 |

ഡി) ഇതുവരെ എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഡി) താഴെ കൊടുത്തിരിക്കുന്ന പ്രകാരം, 75 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 2 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| ഇടുക്കി | 10 |
| എറണാകുളം | 13 |
| തൃശ്ശൂർ | 7 |
| മലപ്പുറം | 2 |
| പാലക്കാട് | 7 |
| കോഴിക്കോട് | 10 |
| വയനാട് | 10 |
| കണ്ണൂർ | 4 |
| കാസറഗോഡ് | 0 |
| ആകെ | 75 |

**സെക്ഷൻ ഓഫീസർ**